**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4369** **06-03-2023 - ൽ മറുപടിയ്ക്ക്**

**സിറ്റി ഗ്യാസ് പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരത്ത് നിന്ന് ആരംഭിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി ഏതെല്ലാം മുനിസിപ്പൽ, കോർപ്പറേഷൻ, പഞ്ചായത്ത് പ്രദേശങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്നും എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും അറിയിക്കാമോ; | (എ) | പ്രാഥമിക ഘട്ടത്തിൽ തിരുവനന്തപുരം നഗരസഭയിൽ ഉൾപ്പെടുന്ന 40 വാർഡിലും, തിരുവനന്തപുരം ജില്ലയിലെ മംഗലപുരം, അണ്ടൂർകോണം എന്നീ ഗ്രാമപഞ്ചായത്തുകളിലും സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ടി ഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ 50,000 കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും. |
| (ബി) | നിലവിൽ പദ്ധതി ആരംഭിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്നും പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | (ബി) | സിറ്റി ഗ്യാസ് പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികൾ പുരോഗമിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പ്, കേരള റോഡ് ഫണ്ട് ബോർഡ്, തിരുവനന്തപുരം നഗരസഭ, മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അനുമതി ആവശ്യമാണ്. ജലസേചന വകുപ്പിൽ നിന്നുള്ള അനുമതി ലഭ്യമായാൽ ഒന്നാം ഘട്ടം പൂർത്തിയാക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ